# അലീഗഢ് സെന്ററിനെതിരെ ബിഹാറിൽ എ.ബി.വി.പി പ്രതിഷേധം

**ബീഹാറിലെ** കിഷൻഗഞ്ച് ജില്ലയിൽ അലീഗഢ് മുസ്‌ലിം യൂനിവേഴ്‌സിറ്റിയുടെ സെന്റർ തുടങ്ങാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് പട്നയിൽ എ.ബി.വി.പി നടത്തിയ മാർച്ച് അക്രമാസക്തമായി. ഗാന്ധി മൈതാനിൽ ഒത്തുചേർന്ന സമരക്കാർ ബീഹാർ നിയമസഭാ മന്ദിരത്തിലേക്ക് ഇരച്ചുകയറി. കല്ലേറും ലാത്തിച്ചാർജും നടന്നു.

ബീഹാറിലെ ജനതാദൾ(യു)–ബി.ജെ.പി സഖ്യ സർക്കാറാണ് മുസ്‌ലിം ഭൂരിപക്ഷ കിഴക്കൻ ജില്ലയായ കിഷൻഗഞ്ചിൽ അലീഗഢ് സെന്റർ തുറക്കാൻ 250 ഏക്കർ ഭൂമി നൽകിയത്. ബംഗ്ലാദേശിൽ നിന്നുള്ള ഭീകരവാദികൾ ഈ സെന്ററിനെ ഒളിത്താവളമാക്കുമെന്നാണ് എ.ബി.വി.പി വാദം. നേരത്തെ കിഷൻഗഞ്ചിലും എ.ബി.വി.പി പ്രതിഷേധിച്ചിരുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടിയുള്ള പുരോഗമന ചുവടുവെപ്പാണ് അലീഗഢ് സെന്റർ എന്നാണ് മുഖ്യമന്ത്രി നിതീഷ്കുമാറിന്റെ പക്ഷം. പിന്നാക്കമേഖലയായ സീമാഞ്ചലിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ സ്ഥാപനം ഉപകരിക്കും.

ബി.ജെ.പി നേതൃത്വവും അലീഗഢ് സെന്ററിനെതിരാണ്. മന്ത്രിസഭയിലെ ബി.ജെ.പി അംഗങ്ങൾ പദ്ധതിയെ എതിർക്കാത്തതിൽ നേതാക്കൾ നീരസം പ്രകടിപ്പിച്ചു. മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് പ്രീണനത്തിലൂടെ സ്വാധീനം വർധിപ്പിക്കാനുള്ള ശ്രമമാണ് ജനതതാദളി(യു)ന്റേതെന്നാണ് ബി.ജെ.പി വക്താവ് തരുൺ വിജയ് അഭിപ്രായപ്പെട്ടത്.

## അമേരിക്കയിൽ മനുഷ്യാവകാശ പ്രഭാഷണ പരമ്പര

**അമേരിക്കയിലെ** ഇന്ത്യൻ മുസ്‌ലിം കൗൺസിൽ പതിനൊന്ന് നഗരങ്ങളിൽ പ്രഭാഷണ പരമ്പര സംഘടിപ്പിക്കുന്നു. ഇന്ത്യയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളും വർഗീയ കലാപങ്ങളുമാണ് പ്രഭാഷണ വിഷയം. ഇന്ത്യയിലെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകരായ മുകുൾ സിൻഹയും ഷഫീ ഖുർറഹ്മാൻ മഹാജിറുമാണ് പ്രഭാഷണങ്ങൾ നടത്തുക.

മനുഷ്യാവകാശ പ്രവർത്തകനായി മാറിയ ശാസ്ത്രജ്ഞനാണ് മുകുൾ സിൻഹ. ഗോധ്രസംഭവവുമായി ബന്ധപ്പെട്ട പല സുപ്രധാന വിവരണങ്ങളും വെളിച്ചത്ത് കൊണ്ടുവന്നത് അദ്ദേഹമായിരുന്നു. പ്രമുഖ അഭിഭാഷകനായ ഷഫീഖ് റഹ്മാൻ മഹാജിർ ആണ് ഹൈദരാബാദിലെ മക്കാ മസ്ജിദ് സ്ഫോടനക്കേസിലെ ഇരകൾക്ക് വേണ്ടി കോടതിയിൽ ഹാജരായത്.

## സ്വഹാബത്തിന്റെ ജീവിതം അഹ്‌ലെ ഹദീസ് ദേശീയ സമ്മേളനം

**പ്രവാചകാനുചരന്മാരുടെ** ജീവിത സന്ദേശം രാജ്യനിവാസികൾക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി മർകസി ജംഇയ്യത്ത് അഹ്‌ലെ ഹദീസ് ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നു. ഏപ്രിൽ 10,11 തീയതികളിൽ ദൽഹിയിലെ രാംലീല മൈതാനിയിലാണ് സമ്മേളനം. രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കും.

## ആസാമിൽ എ.ഐ.യു.ഡി.എഫിൽ പാളയത്തിൽപട

**മുസ്‌ലിം** ബദൽ രാഷ്ട്രീയത്തിന് മികച്ച മാതൃകയായി ഉയർന്നുവന്ന ആസാമിലെ ആൾ ഇന്ത്യാ യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രന്റ് പാളയത്തിൽ പട മൂലം ദുർബലമാവുന്നു. സുഗന്ധദ്രവ്യ വ്യാപാരിയും കോടീശ്വരനും ജംഇയ്യത്തുൽ ഉലമാ നേതാവുമായ മൗലാനാ ബദ്റുദ്ദീൻ അജ്മലി(എം.പി)ന്റെ നേതൃത്വത്തെയാണ് ഒരു വിഭാഗം ചോദ്യം ചെയ്യുന്നത്. ഈയിടെ നടന്ന രാജ്യസഭാ തെരഞ്ഞെടുപ്പിൽ പാർട്ടിയുടെ 9 എം.എൽ.എമാരിൽ രണ്ട് പേർ എതിർ സ്ഥാനാർഥിക്കാണ് വോട്ട് ചെയ്തത്.

രാജ്യസഭാ തെരഞ്ഞെടുപ്പിൽ രണ്ട് സീറ്റിലേക്കാണ് മത്സരം നടന്നത്. കോൺഗ്രസ് രണ്ടുപേരെ മത്സരിപ്പിച്ചു. പ്രതിപക്ഷത്തുള്ള എ.ജി.പി, ബി.ജെ.പി, എ.കെ.യു.ഡി.എഫ്, ഇടതുകക്ഷികൾ എന്നിവർ ഒത്തുചേർന്ന് ഒരു സ്ഥാനാർഥിയെയും നിർത്തി. 75 പേരുടെ പിന്തുണയുള്ള കോൺഗ്രസിന് 85 എം.

എൽ.എമാരുടെ പിന്തുണ കിട്ടി. പ്രതിപക്ഷത്തുള്ള ഏഴ് പേരാണ് കൂറുമാറി കോൺഗ്രസിന് വോട്ടുചെയ്തത്.

കോൺഗ്രസ് പണമിറക്കി കളിച്ചു എന്നാണ് എ.ഐ.യു.ഡി.എഫിന്റെ ആരോപണം. പ്രതിപക്ഷ സ്ഥാനാർഥിയെ നാമനിർദേശം ചെയ്ത തങ്ങളുടെ അംഗം തന്നെ കോൺഗ്രസിന് വോട്ട് ചെയ്തത് ഇതാണ് തെളിയിക്കുന്നതെന്ന് എ.ഐയു.ഡി.എഫ് വക്താവും ജന. സെക്രട്ടറിയുമായ ഡോ. ബഹ്റുൽ ഇസ്‌ലാം പറഞ്ഞു. എന്നാൽ തങ്ങളുടെ പാർട്ടി ബി.ജെ.പിയോടൊപ്പം ചേർന്നതിൽ പ്രതിഷേധിച്ചാണ് കോൺഗ്രസിന് വോട്ട് ചെയ്തത് എന്നാണ് വിമത എ.ഐയു.ഡി.എഫ് എം.എൽ.എമാരുടെ വാദം. ഇരുവരെയും പാർട്ടിയിൽനിന്ന് സസ്പെൻഡ് ചെയ്തു.

പാർട്ടി രൂപവത്കരണത്തിനു ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിനുശേഷം എ.ഐ.യു.ഡി.എഫിന്റെ പ്രകടനം നിരാശാജനകമാണ്. സ്വജനപക്ഷപാതം, ഏകാധിപത്യ നേതൃത്വം, അലസത തുടങ്ങിയ കാരണങ്ങൾ ഏറെ പ്രതീക്ഷ കൽപിക്കപ്പെട്ടിരുന്ന ബദൽ രാഷ്ട്രീയ ചേരിയെ ദുർബലപ്പെടുത്തുകയാണ്.

## ഹൈദരാബാദ് മാളിൽ 'ഭീകരനെ കൊല്ലൽ' ഗെയിം

**ഹൈദരാബാദിലെ** ജി.വി.കെ-1 ഷോപ്പിംഗ് മാളിൽ കുട്ടികൾക്ക് വേണ്ടി തയാറാക്കിയ ഗെയിമിലും ഇസ്‌ലാമോഫോബിയ. ഭീകരവാദിയായ ഒരു മുസ്‌ലിം (താടി + തലപ്പാവ്) കൈയിൽ റോക്കറ്റ് ലോഞ്ചർ ഏന്തി നിൽക്കുന്നു. റോക്കറ്റിന്റെ കാഞ്ചി അയാൾ വലിക്കും മുമ്പ് കുട്ടികൾ അയാളെ വെടി വെക്കണം. ഇതാണ് ഗെയിം. മുസ്‌ലിംകൾ പരാതിപ്പെട്ടതിനെത്തുടർന്ന് മാൾ അധികൃതർ ഗെയിം എടുത്തുമാറ്റി.

## ബീഹാറിൽ ജംഇയ്യത്തുൽ ഉലമാ ഗ്രൂപ്പുകൾ കൊമ്പുകോർക്കുന്നു

**പട്നയിൽ** നടക്കാനിരിക്കുന്ന മുസ്‌ലിം സമ്മേളനത്തെച്ചൊല്ലി ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ രണ്ടു വിഭാഗങ്ങൾ കൊമ്പുകോർക്കുന്നു. രാജ്യസഭാംഗമായ മഹ്മൂദ് മദനി നയിക്കുന്ന വിഭാഗമാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ദൽഹി, ഹൈദരാബാദ്, ബാംഗ്ലൂർ, മുംബൈ, ദയൂബന്ദ്, കൊൽക്കത്ത എന്നിവിടങ്ങളിൽ നടത്തിയ ശേഷമാണ് പട്നയിൽ സമ്മേളനം സംഘടിപ്പിക്കുന്നത്. രംഗനാഥമിശ്ര കമീഷൻ, ഉർദുഭാഷയുടെ അവസ്ഥ, വനിതാ ബിൽ തുടങ്ങിയ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചാണ് സമ്മേളനം.

എന്നാൽ സമ്മേളനം മഹ്മൂദ് മദനിയുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി മാത്രമാണെന്നാണ് അർഷദ് മദനി വിഭാഗത്തിന്റെ ആരോപണം. വലിയ മുസ്‌ലിം സദസ്സിനെ സംഘടിപ്പിച്ച് ഏതെങ്കിലും പാർട്ടിയിൽനിന്ന് രാജ്യസഭാ സീറ്റ് നേടിയെടുക്കാനുള്ള ശ്രമമായിട്ടാണ് അർഷദ് മദനി സമ്മേളനത്തെ വിലയിരുത്തുന്നത്.

**അബ്ബാദ്**